# വന ഭൂമി വ്യവസായികൾക്ക് കൈമാറാനുള്ള നീക്കത്തിൽ പ്രതിഷേധിക്കുക.

സുഹൃത്തേ,

കേരളത്തിന്റെ പതിനായിരക്കണക്കിന് ഹെക്ടർ വനഭൂമി കുത്തക വ്യവസായികൾക്ക് പാട്ടത്തിന് നൽകാനുള്ള നീക്കം സർക്കാർ തലത്തിൽ നടന്നു വരികയാണ്. കഴിഞ്ഞ ഒക്ടോബർ 7ന് കേരള വനം മന്ത്രി കോഴിക്കോട്ട് നടത്തിയ ഒരു പത്രസമ്മേളനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, മാവൂർ ഗ്വാളിയർ റയൺസ്, പുനലൂർ പേപ്പർമിൽ, വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സ് എന്നീ വ്യവസായ സ്ഥാപനങ്ങൾക്ക് വനഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് വനം വകുപ്പും വ്യവസായ വകുപ്പും റിപ്പോർട്ടുകൾ തയ്യാറാക്കി കഴിഞ്ഞിട്ടുള്ളതായും വിഷയം സർക്കാറിന്റെ സജീവ പരിഗണനയിൽ ഉള്ളതായും പ്രസ്താവിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾക്ക് വനത്തിൽ നിന്ന് അസംസ്കൃത വസ്തുക്കൾ നൽകുന്നതിന് നിലവിലുള്ള ഉടമ്പടികൾ സർക്കാറിന് വലിയ ബാധ്യതയും നഷ്ടവും ആയതിനാലാണ് വനഭൂമി വ്യവസായികൾക്ക് പാട്ടത്തിന് നല്കാനുള്ള നീക്കം നടത്തുന്നത് എന്നും മന്ത്രി പ്രസ്താവിച്ചിട്ടുള്ളതായി പത്രങ്ങളിൽ വന്നിട്ടുണ്ട്. മേൽ നാല് വ്യവസായ സ്ഥാപനങ്ങളിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഒഴിച്ച് മററുള്ളവ സ്വകാര്യ വ്യക്തികളുടെതാണ്. ബിർള, ഡാൽമിയ, എ. കെ. കാദർകുട്ടി എന്നിവരുടെ ഉടമസ്ഥതകളിലുള്ളവ.

വനം മന്ത്രിയുടെ ഈ പ്രസ്താവനയെ തുടർന്ന് തൃശൂരിൽ ചേർന്ന കേരളാ ഫോറസ്ററ് പ്രൊട്ടക്ററീവ് സ്ററാഫ് അസോസിയേഷൻ സംസ്ഥാന കൗൺസിൽ ഈ വിഷയം ചർച്ചചെയ്യുകയും വനഭൂമി വ്യവസായികൾക്ക് പാട്ടത്തിന് നൽകാനുള്ള നീക്കത്തിൽ ശക്തമായി പ്രതിഷേധിക്കുകയും പ്രക്ഷോഭ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന തലത്തിലും തുടർന്ന് ജില്ലാ തലങ്ങളിലും സമരസമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പ്രകൃതി സ്നേഹികളേയും സാമൂഹ്യ രാഷ്ട്രീയ – സാംസ്ക്കാരിക തലങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളേയും വ്യക്തികളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ചർച്ചകളും സെമിനാറുകളും മററു പ്രചരണങ്ങളും നടത്തുന്നതിനും, കേരളത്തിന്റെ മണ്ണിനെയും മനുഷ്യനെയും സ്നേഹിക്കുന്ന മുഴവൻ അ[illegible]ളുടേയും പിന്തുണ പ്രക്ഷോഭ പരിപാടികളിന് ഉറപ്പു വരുത്തുന്നതിനും ഞങ്ങൾ ആഗ്രഹ[illegible]ക്കയും ചെയ്യുന്നുണ്ട്.

## സെമിനാർ

| | | | |
|---|---|---|---|
| തീയതി | : | 1–12–90 ശനിയാഴ്ച | |
| സ്ഥലം | : | വുഡ്ലാൻറ്സ് ഓഡിറേറാറിയം; കൽപററ. | |
| സമയം | : | കാലത്ത് 10 മണി. | |
| സ്വാഗതം | : | കൺവീനർ ജില്ലാ സമരസമിതി. | |
| അദ്ധ്യക്ഷൻ | : | ശ്രീ. വി. ഒ. ജ്ജോൺ | (കൺവീനർ സംസ്ഥാന സമരസമിതി) |
| ഉൽഘാടനം | : | ശ്രീ. എൻ. ബാദ്ഷ | (സെക്രട്ടറി, വയനാട് പ്രകൃതിസംരക്ഷണസമിതി) |
| പങ്കെടുക്കുന്നവർ | : | പ്രൊഫ: കെ. പി. തോമസ് | (ജില്ലാ വികസന സമിതി അംഗം) |
| | : | ശ്രീ. കെ. കെ. ഹംസ | (ജില്ലാ വികസന സമിതി അംഗം) |
| | : | ശ്രീ. കെ. ഗോവിന്ദൻ | (ജില്ലാസെക്രട്ടറി, ശാസ്ത്രസാഹിത്യപരിഷത്ത്) |
| | : | ശ്രീ. സി. രാജു ഗൗഡർ | (സംസ്ഥാന വന ഉപദേശക സമിതി അംഗം) |
| | : | ശ്രീ. മോയിൻ കടവൻ | (ജില്ലാ വന ഉപദേശക സമിതി അംഗം) |
| | : | ശ്രീ. സി. കെ. ശിവരാമൻ | (ജില്ലാ സാക്ഷരതാ കോഡിനേററർ) |
| | : | ശ്രീ. എൻ. ശ്രീധരൻ | (കെ. എഫ്. പി. എസ് എ. പ്രസിഡണ്ട്) |
| | : | ശ്രീ. എം. കെ. ഗോപിദാസ് | ( ,, ,, ജനറൽ സെക്രട്ടറി) |
| കൃതജ്ഞത | : | ശ്രീ. പി. കെ. വേലായുധൻ | (സംസ്ഥാന സമരസമിതി അംഗം) |

(മറുപുറം)

പല ആവശ്യങ്ങൾക്കുമായി ഇതിനുമുൻപ് ദീർഘകാലാടിസ്ഥാനത്തിൽ പാട്ടത്തിന് കൊടുത്തിട്ടുള്ള വനഭൂമിയിൽ ഒരിഞ്ച്പോലും കാലാവധിക്ക്ശേഷം തിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. കഴിയുകയുമില്ല. വയനാട് പോലുള്ള പ്രദേശങ്ങളിൽ, തികച്ചും അശാസ്ത്രീയമായ വനപരിപാലനത്തിന്റെ ഫലമായി, കൃഷിക്കാർക്കും മററും വന്യജീവികളിൽ നിന്നുള്ള കടുത്ത ശല്യം അനുഭവപ്പെട്ടുവരുന്നുണ്ട്. ജനങ്ങളുടെയും വന്യ ജീവികളുടെയും സംരക്ഷണാർത്ഥം വനത്തിനുള്ളിലുള്ള കൈവശഭൂമികളിലും വനപരിസരങ്ങളിലും നൂററാണ്ടുകളായി ജീവിച്ചുവരുന്നവരുൾപ്പെടെ ഒരു വലിയ ജനസഞ്ചയത്തെ മാററിപ്പാർപ്പിക്കുന്നതിനുള്ള പദ്ധതികളും സർക്കാർ പരിഗണനയിലുണ്ട്. ഇതിനിടയിലാണ് ഇപ്പോൾ വ്യവസായങ്ങളെ സഹായിക്കാനെന്ന പേരിൽ കൊടും കാട്ടുകൾക്കുള്ളിലുള്ള ഭൂ പ്രദേശങ്ങൾ വ്യവസായികൾക്ക് കൈമാറാൻ സർക്കാർ ശ്രമിച്ചുവരുന്നത്. ആദിവാസികളുടെയും കൈത്തൊഴിലുകാരുടെയും കൃഷിക്കാരുടെയും മററും ജീവസന്ധാരണത്തിന് അത്യാവശ്യമായിട്ടുള്ള വനവിഭവങ്ങൾ ഇപ്പോൾതന്നെ മുഴുവനായി വ്യവസായങ്ങൾക്ക് മാററിവെക്കപ്പെട്ട സ്ഥിതിയാണുള്ളത്. ഇനി വനഭൂമിതന്നെ വ്യവസായികൾക്ക് കൈമാറുന്നതുമൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക–സാമൂഹ്യ പ്രത്യാഘാതങ്ങൾ ജനകീയ തലത്തിൽ ചർച്ച ചെയ്യപ്പെടണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതുസംബന്ധിച്ച് കേരളാ ഫോറസ്ററ് പ്രൊട്ടക്ററീവ് സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന കൗൺസിൽ അംഗീകരിച്ച പ്രമേയം ചർച്ചക്കായി ഞങ്ങൾ മുന്നോട്ട് വെക്കുന്നു.

---

തൃശൂർ,/14–10–90.

## പ്രമേയം

കേരളത്തിന്റെ പതിനായിരക്കണക്കിന് ഹെക്ടർ വനഭൂമി സ്വകാര്യ വ്യവസായികൾക്ക് കുത്തകപാട്ടത്തിന് വിട്ടുകൊടുക്കാനുള്ള സർക്കാർ നീക്കത്തിൽ കേരള ഫോറസ്ററ് പ്രൊട്ടക്ററീവ് സ്ററാഫ് അസോസിയേഷൻ സംസ്ഥാന കൗൺസിൽ അതിയായ ഉത്കണ്ഠയും പ്രതിഷേധവും രേഖപ്പെടുത്തുന്നു.

വനശോഷണത്തിന്റെ ഫലമായി കേരളം ഇന്ന് ഒരു പാരിസ്ഥിതിക തകർച്ചയുടെ വക്കത്താണ്. കാലാവസ്ഥ കെടുതികളും തുടർച്ചയായുണ്ടാവുന്ന കൃഷി നാശങ്ങളും കുടിവെള്ളം പോലുള്ള അത്യാവശ്യ വിഭവങ്ങളുടെ കടുത്ത ക്ഷാമവും എല്ലാം കൂടി ജനജീവിതം ദുരിത പൂർണ്ണമാക്കിക്കൊണ്ടിരിക്കയാണ്. അവശേഷിക്കുന്ന നമ്മുടെ വനങ്ങൾ പാരിസ്ഥിതിക ധർമങ്ങൾ നിർവ്വഹിക്കാനുതകുന്ന വിധം പരിരക്ഷിക്കേണ്ടത് ഏററവും ആവശ്യമായി വന്നിട്ടുള്ള ഒരു ഘട്ടത്തിൽ, സ്വകാര്യ വ്യവസായികൾക്ക് വനഭൂമി വിട്ടുകൊടുക്കാനുള്ള ശ്രമം ആത്മഹത്യാപരമാണ്.

വനങ്ങളെ വ്യാവസായിക അസംസ്കൃത വസ്തുക്കളുടെ സംഭരണശാലയായി മാത്രം കണ്ടുള്ള വനചൂഷണമാണ് നമ്മുടെ വന നാശത്തിന്റെ മുഖ്യകാരണങ്ങളിലൊന്ന്. സർക്കാർ വ്യവസായികൾക്ക് വിട്ടുകൊടുക്കാനുദ്ദേശിക്കുന്ന വനഭാഗങ്ങൾ നേരത്തെ വ്യാവസായിക തോട്ടങ്ങളാക്കുന്നതിന് വേണ്ടി സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങൾ പരാജയപ്പെട്ട തോട്ടങ്ങളാണ് എന്ന് വ്യാഖ്യാനിച്ചാണ് ഇപ്പോൾ സ്വകാര്യ വ്യക്തികളെ ഏൽപിക്കുന്നത്. ഈ പ്രദേശങ്ങളിൽ ഏറിയപങ്കും സ്വാഭാവിക വനങ്ങളുടെ പഴയ അവസ്ഥയിലേക്ക് ക്രമേണയാണെങ്കിലും മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് സ്ഥിതി. നല്ല നിലയിൽ സംരക്ഷിച്ചാൽ ഈ വനഭാഗങ്ങൾ ഭാവിയിൽ പാരിസ്ഥിതിക ധർമങ്ങൾ നിർവ്വഹിക്കാനുതകുന്ന വിധത്തിലുള്ള സ്വാഭാവിക വനങ്ങളായി മാറും.

ഈ വനഭാഗങ്ങൾ സ്വകാര്യവ്യക്തികൾക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിലൂടെ പ്രസ്തുത വന ഭാഗങ്ങളുടെ മാത്രമല്ല, ചേർന്നുള്ള വനങ്ങളുടെയും വന്യജീവികളുടേയും എല്ലാ വിധത്തിലുമുള്ള നാശത്തിന് കാരണമാകും. ഒരു വശത്ത് വനപരിസരത്തുള്ള സാധാരണക്കാരുടെ പ്രാഥമികാവശ്യങ്ങൾ പോലും വനസംരക്ഷണത്തിന്റെ പേരിൽ തടയുകയും, മറുവശത്ത് വനഭൂമി മൊത്തമായി കുത്തക വ്യവസായികൾക്ക് ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യുന്നത് ഫലത്തിൽ വനസംരക്ഷണ പ്രവർത്തനങ്ങളെ അസാദ്ധ്യമാക്കും. വനം കൈയ്യേററത്തിന് രാഷ്ട്രീയ അടിത്തറയുള്ള കേരളത്തിൽ ഈ നീക്കം, സ്വാഭാവികമായും, എന്തുകൊണ്ട് കാർഷികാവശ്യങ്ങൾക്ക് വനഭൂമി ഈ രീതിയിൽ ഉപയോഗപ്പെടുത്തിക്കൂടാ എന്ന ചോദ്യം ഉയരുന്നതിനും അത് അംഗീകരിക്കാൻ സർക്കാരിനെ ബാദ്ധ്യസ്ഥമാക്കുന്നതിനും ഇടയാക്കും.

അവശേഷിക്കുന്ന നമ്മുടെ വനങ്ങളുടെ സർവ്വനാശത്തിന്തന്നെ ഈ നീക്കം കാരണമാകും. കേരളത്തിന്റെ സാമൂഹ്യ–സാമ്പത്തിക മണ്ഡലങ്ങളിൽ തൽഫലമായുണ്ടാവുന്ന പ്രത്യാഘാതങ്ങൾ വിവരണാതീതങ്ങളാണ്. വ്യവസായ സ്ഥാപനങ്ങൾക്ക് വനഭൂമി വിട്ടുകൊടുക്കാനുള്ള നീക്കത്തിൽ നിന്ന് പിന്തിരിയണമെന്ന് കേരള സർക്കാരിനോടും ഇക്കാര്യത്തിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്ന് കേന്ദ്രസർക്കാരിനോടും ഈ യോഗം അഭ്യർത്ഥിക്കുന്നു.

---

വ്യവസായ സ്ഥാപനങ്ങൽക്ക് വനഭൂമി കൈമാറാനുള്ള നീക്കത്തെ ചെറുത്ത് തോൽപ്പിക്കുന്നതിനുള്ള പ്രചരണ പരിപാടികളിലും പ്രക്ഷോഭങ്ങളിലും സർവ്വാത്മനാ സഹകരിക്കണമെന്ന് ഞങ്ങൾ മുഴുവൻ ജനങ്ങളോടും സവിനയം അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**കെ. പി. അബ്ദുൾ വഹാബ്**
ജോ: കൺവീനർ
സംസ്ഥാന സമരസമിതി.

**ബി. സോമശേഖരൻ പിള്ള**
കൺവീനർ
ജില്ലാ സമര സമിതി.

വി. എൽ. പ്രസ്സ്, ബത്തേരി.